**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 46** **10-06-2024 - ൽ മറുപടിയ്ക്ക്**

**തൊഴിൽ അവസരങ്ങൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | രാജ്യത്ത് തന്നെ സർക്കാർ മേഖലയിൽ ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന സംസ്ഥാനമായി കേരളം മാറിയിട്ടും കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ഇകഴ്ത്തികാണിക്കാനും നിയമന നിരോധനമുണ്ടെന്ന് പ്രചരിപ്പിക്കാനും ചില കേന്ദ്രങ്ങൾ ബോധപൂർവ്വമായി ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | രാജ്യത്ത് ഏറ്റവും കൂടുതൽ നിയമനം നടത്തുന്ന പബ്ലിക് സർവീസ് കമ്മീഷനാണ് കേരളത്തിലേതെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഒഴിവുകൾ മുൻകൂറായും ഓൺലൈനായും റിപ്പോർട്ട് ചെയ്തും നിയമന നടപടികൾ വേഗത്തിലാക്കിയുമാണ് കേരളം ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. |
| (ബി) | 2016 മെയ് മുതൽ 2024 മെയ് വരെ പി.എ.സി. വഴി എത്ര പേർക്കാണ് ഇതുവരെ നിയമനം നൽകിയിട്ടുള്ളത്; വകുപ്പുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ? | (ബി) | 2016 മെയ് മുതൽ 2024 ഏപ്രിൽ 30 വരെ 2,47,299 (രണ്ട് ലക്ഷത്തി നാൽപ്പത്തിയേഴായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി ഒമ്പത്) ഉദ്യോഗാർത്ഥികൾക്ക് പി എസ് സി നിയമന ശിപാർശ നൽകിയിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള വിവരം ക്രോഡീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ